ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE:28.07.2026

1. ചോദ്യപേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും രണ്ടു മണി വരെ നിർത്തിവെച്ചു. പൊതുപരീക്ഷ ഭേദഗതി ബില്ലിൻമേൽ ലോക്സഭയിൽ ഉച്ചയ്ക്ക് ചർച്ച.

2. വയനാട്ടിൽ വന്യമൃഗങ്ങളുടെ എണ്ണത്തിൽ വർധനയുണ്ടെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുമെന്ന് മന്ത്രി ഷിബു ബേബി ജോൺ.

3. അഴിമതിക്കെതിരെ യുവജനങ്ങളെ അണിനിരത്തുന്ന 'വിജിലൻസ് കമാൻഡോസ്' പദ്ധതിക്ക് സംസ്ഥാനത്ത് നാളെ തുടക്കമാകും.

4. കരൾ സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചു കൊണ്ട് ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം.

5. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ വെള്ളിയാഴ്ച വരെ വ്യാപക മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ മെഡൽ വേട്ട തുടർന്ന് ഇന്ത്യ. വനിതകളുടെ ഷോട്ട്പുട്ടിൽ ഷർമിള ധൻകറിന് സ്വർണം.

RNUTVPM

## പാർലമെന്റ്

പാർലമെന്റ് ഇന്നും പ്രക്ഷുബ്ധം. രാവിലെ സമ്മേളനം ആരംഭിച്ചത് മുതൽ നീറ്റ് വിഷയത്തിൽ ഇരുസഭകളിലും പ്രതിപക്ഷം ബഹളം തുടങ്ങി. ഇതോടെ ലോക്സഭയും രാജ്യസഭയും രണ്ടു മണിവരെ നിർത്തിവെച്ചു. അതേസമയം, 2026 ലെ പൊതുപരീക്ഷ ഭേദഗതി ബിൽ ഇന്ന് ഉച്ചക് 2 മണിക് ലോക്സഭയിൽ ചർച്ച ചെയ്യുമെന്ന് സ്പീകർ ഓം ബിർള പറഞ്ഞു. ഇന്നലെ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്.

****************************

## ലഹരി വിരുദ്ധ കർമപദ്ധതി

RNU TVPM

സംസ്ഥാന എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ കർമപദ്ധതിയായ 'മയങ്ങില്ല കേരള'ത്തിന്റെ ഭാഗമായുള്ള ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ മന്ത്രി എം ലിജു വിതരണം ചെയ്തു. തിരുവനന്തപുരം എക്സൈസ് കമ്മീഷണറേറ്റിൽ നടന്ന ചടങ്ങിൽ 14 ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് കിറ്റുകൾ കൈമാറി. ലഹരി പരിശോധനയ്ക്കുള്ള നാല് പ്രത്യേകതരം കിറ്റുകളാണ് കൈമാറിയത്.

****************************

## വിജിലൻസ് കമാൻഡോസ്

അഴിമതിക്കെതിരായ പോരാട്ടത്തിന്റെ അംബാസഡർമാരായി യുവജനങ്ങളെ അണിനിരത്തുന്ന ‘വിജിലൻസ് കമാൻഡോസ്” പദ്ധതിയുടെ ഉദ്ഘാടനം ആഭ്യന്തര മന്ത്രി രമേഷ് ചെന്നിത്തല നാളെ നിർവഹിക്കും.

ശ്രീകാര്യം ലൊയോള സ്കൂളിൽ നടക്കുന്ന ചടങ്ങിൽ കമാൻഡോ ബാഡ്ജുകൾ വിതരണം ചെയ്യും. മന്ത്രി കെ മുരളീധരൻ അധ്യക്ഷത വഹിക്കും. സർക്കാർ വകുപ്പുകളിൽ അഴിമതി തടയാൻ ലക്ഷ്യമിട്ട് വിജിലൻസ് നടപ്പാക്കുന്ന പ്രോജക്ട് സീറോ യജ്ഞത്തിലേക്കാണ് യുവതയെ പങ്കാളികളാക്കുന്നത്.

****************************

## ശബരിമല കേസ്

ശബരിമല സ്വർണ അപഹരണ കേസിൽ റിമാൻഡിലായിരുന്ന ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി. എസ്. പ്രശാന്തിനെയും, ബോർഡ് മുൻ അംഗം എ. അജികുമാറിനെയും പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. SIT യുടെ കസ്റ്റഡി അപേക്ഷ പരിഗണിച്ച കൊല്ലം വിജിലൻസ് കോടതിയാണ് ഒരു ദിവസത്തെ കസ്റ്റഡിയിൽ വിട്ടത്. ഇരുവരെയും ഇന്ന് കൊല്ലത്ത് ചോദ്യം ചെയ്യും.

RNU TVPM

****************************

## രമേശ് ചെന്നിത്തല

സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് പ്രവർത്തിക്കാൻ UDF സർക്കാരിന് സമയവും കഠിനാധ്വാനവും വേണ്ടി വരുമെന്ന് മന്ത്രി രമേശ് ചെന്നിത്തല. കെ.എം അഭിജിത് MLA യുടെ ഓഫിസ് ഉദ്ഘാടനം കോഴിക്കോട് നിർവഹിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ അവതരിപ്പിച്ച ധവള പത്രത്തിലൂടെ

ഖജനാവിന്റെ അവസ്ഥ മനസ്സിലാക്കാമെന്നും മന്ത്രി പറഞ്ഞു

****************************

## ഹെപ്പറ്റൈറ്റിസ് ദിനം (ഇൻട്രോ)

ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം. Hepatitis: Let's break it down എന്നതാണ് ഈ വർഷത്തെ പ്രമേയം. ഹെപ്പറ്റൈറ്റിസ് രോഗത്തെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലെ RCH ഓഫീസർ ഡോ. നവ്യ ആകാശവാണി വാർത്തകളോട്.......

(വോയിസ്)

****************************

## ഷിബു ബേബി ജോൺ

വയനാട്ടിൽ വന്യമൃഗങ്ങളുടെ എണ്ണത്തിൽ വർധനയുണ്ടെങ്കിൽ അവയെ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുമെന്ന് മന്ത്രി ഷിബു ബേബി ജോൺ. ഇതു സംബന്ധിച്ച് പഠിക്കാൻ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധരും ഉദ്യോഗസ്ഥരുമായി അടുത്ത മാസം ചർച്ച നടത്തി തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വയനാട്ടിൽ മാധ്യമങ്ങളോട് പറഞ്ഞു.

****************************

## കടുവ ദിനം

RNU TVPM

രാജ്യാന്തര കടുവ ദിനത്തിന്റെ ഭാഗമായി വനം, മ്യൂസിയം വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നാളെയും മറ്റന്നാളും പരിപാടികൾ സംഘടിപ്പിക്കും. നാളെ വൈകിട്ട് 3 മണിക്ക് മന്ത്രി ഒ.ജെ. ജനീഷ് കടുവ ദിനാചരണം ഉദ്ഘാടനം ചെയ്യും. വ്യാഴാഴ്ച നടക്കുന്ന സമാപന സമ്മേളനം മന്ത്രി ഷിബു ബേബി ജോൺ ഉദ്ഘാടനം ചെയ്യും.

****************************

## സൈബർ തട്ടിപ്പ്

മുഖ്യമന്ത്രി വി.ഡി സതീശന്റെ പേരിൽ നടത്തിയ വ്യാജ ധനസഹായ വാഗ്ദാനത്തിൽ പറവൂർ വടക്കേക്കര സ്വദേശിക്ക് പണം നഷ്ടമായി. സംഭവത്തിൽ ആലുവ സൈബർ പൊലീസ് അന്വേഷണം ആരംഭിച്ചു. ജൻ ധൻ യോജന എന്ന പേരിലാണ് ഇൻസ്റ്റഗ്രാം വഴി തട്ടിപ്പ് നടന്നത്. പദ്ധതി പ്രകാരം എല്ലാവർക്കും 5,000 രൂപ ലഭിക്കുമെന്നായിരുന്നു വാഗ്ദാനം.

****************************

## പിഎം - സ്കൈറൂട്ട്

സ്കൈറൂട്ട് എയ്റോസ്പേസിന്റെ സ്ഥാപകരായ പവൻ ചന്ദന, നാഗ ഭാരത് ഡാക്ക എന്നിവരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. വിക്രം-1 ന്റെ വിജയവും ഭാവി പദ്ധതികളും ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്തതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. സ്കൈറൂട്ട് പ്രതിനിധികളുടെ ലക്ഷ്യബോധം സ്വകാര്യ ബഹിരാകാശ മേഖലയുടെ സജീവ മുന്നേറ്റത്തെ പ്രതിഫലിപ്പിക്കുന്നതായി പറഞ്ഞ ശ്രീ നരേന്ദ്ര

RNU TVPM

മോദി എയ്റോസ്പേസ് സംഘത്തിന് ആശംസകളും നേർന്നു.

****************************

## അസം - വെള്ളപ്പൊക്കം

അസമിൽ വെള്ളപ്പൊക്ക ദുരിതത്തിന് നേരിയ ശമനം. നിലവിൽ ശിവസാഗർ, ഗോലാഘട്ട് ഉൾപ്പെടെ ആറ് ജില്ലകളിലാണ് വെള്ളപ്പൊക്കദുരിതം തുടരുന്നത്. 631 ഗ്രാമങ്ങളിലായി നാല് ലക്ഷത്തി 45,495 പേരെയാണ് വെള്ളപ്പൊക്ക കെടുതികൾ ബാധിച്ചത്.

****************************

## മഴ

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നു മഴ ശക്തമാകാൻ സാധ്യത. എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വടക്കൻ ജില്ലകളിൽ വെള്ളിയാഴ്ച വരെ മഴ തുടരും. ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

****************************

## കോട്ടയം - ആമ്പൽ വസന്തം (ഇൻട്രോ)

കോട്ടയം തിരുവാർപ്പ് പഞ്ചായത്തിലെ മലരിക്കലിനെ പിങ്ക് പട്ടണിയിച്ച് വീണ്ടും ആമ്പൽ വസന്തം. കിലോമീറ്ററുകളോളം പരന്നുകിടക്കുന്ന ആമ്പൽക്കാഴ്ചകൾ കാണാൻ വൻ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

RNU TVPM

ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയിസ്)

****************************

കെ എസ് ഇ ബി

സംസ്ഥാനത്ത് ഇന്ന് ഭാഗിക വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെ എസ് ഇ ബി. മഴക്കുറവും അന്തരീക്ഷ താപനില താരതമ്യേന ഉയർന്ന നിലയിൽ തുടരുന്നതും മൂലം വൈദ്യുതി ഉപഭോഗം ഗണ്യമായി വർധിച്ചിരിക്കുകയാണ്. വൈകുന്നേരത്തെ പീക്ക് സമയങ്ങളിൽ ഭാഗിക വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നേക്കുമെന്ന് കെ എസ് ഇ ബി അറിയിച്ചു.

RNU TVPM

****************************

ലോക പ്രകൃതി സംരക്ഷണ ദിനം (ഇൻട്രോ)

ഇന്ന് ലോക പ്രകൃതി സംരക്ഷണ ദിനം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്ന് പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുന്നതിനെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്.

ഒരു റിപ്പോർട്ട്...

*(വോയിസ്)*

*1997 ൽ, ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറാണ് ജൂലൈ 28 ലോക പ്രകൃതി സംരക്ഷണ ദിനമായി പ്രഖ്യാപിച്ചത്. പ്രകൃതി സംരക്ഷണത്തിന്റെയും ഭൂമിയുടെ ക്ഷേമത്തിനായുള്ള സുസ്ഥിരമായ രീതികളുടെയും പ്രാധാന്യം ഊന്നിപ്പറയുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. വംശനാശ ഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കുക, ആവാസവ്യവസ്ഥയുടെ നശീകരണം തടയുക, നിലനിൽപ് ഭീഷണി നേരിടുന്ന വനങ്ങൾ, തണ്ണീർത്തടങ്ങൾ, പവിഴപ്പുറ്റുകൾ എന്നിവ പുനഃസ്ഥാപിക്കുക, ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കുകൾ കുറയ്ക്കുകയും ജലമലിനീകരണം ഇല്ലാതാക്കുക എന്നിവയാണ് ഈ വർഷം ഊന്നൽ നൽകുന്ന പ്രധാന മേഖലകൾ. ഐയുസിഎൻ കണക്കു പ്രകാരം 44,000-ത്തിലധികം ഇനം മൃഗങ്ങളും സസ്യങ്ങളുമാണ് ലോകത്താകെ വംശനാശ ഭീഷണി നേരിടുന്നത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

****************************

## കോമൺവെൽത്ത് ഗെയിംസ്

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ മെഡൽ വേട്ട തുടർന്ന് ഇന്ത്യ. ഇതുവരെ 2 സ്വർണവും 5 വെള്ളിയും 3 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 10 ആണ്. വനിതകളുടെ ഷോട്ട്പുട്ട് F-57 ഇനത്തിൽ ഷർമിള ധൻകർ സ്വർണം നേടി. ഇതേ ഇനത്തിൽ ഇന്ത്യയുടെ ശില്പ കെ. ഷൈലയ്ക്കാണ് വെങ്കലം. ഭാരോദ്വഹനത്തിൽ പുരുഷന്മാരുടെ 79 കിലോഗ്രാം

RNUTVPM

വിഭാഗത്തിൽ വല്ലൂരി അജയ് ബാബുവും വനിതകളുടെ 53 കിലോഗ്രാം വിഭാഗത്തിൽ ജ്ഞാനേശ്വരി യാദവും വെള്ളി നേടി. അതേസമയം, വനിതകളുടെ 75 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ ബോക്സർ ലവ്ലിന ബോർഗോഹെയ്ൻ മെഡൽ ഉറപ്പാക്കി.

****************************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 118 പോയിന്റ് ഉയർന്ന് 76,954 ലും നിഫ്റ്റി 29 പോയിന്റ് നേട്ടത്തിൽ 24,023 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കുറഞ്ഞു. പവന് 1,240 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 5,720 രൂപയും ഗ്രാമിന് 13,215 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

****************************

## സെൻസസ്

സംസ്ഥാനത്ത് ദേശീയ സെൻസസ് 2027ന്റെ ആദ്യ ഘട്ടം ഈ മാസം 30 ന് അവസാനിക്കും. സെൻസസ് ഒന്നാം ഘട്ടത്തിൽ വീടുകളുടെ വിവരശേഖരണമാണ് ഇപ്പോൾ പുരോഗമിക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.

****************************

## ജലവിതരണം തടസ്സപ്പെടും

ജല അതോറിറ്റിയുടെ പിടിപി നഗറിലുള്ള കുണ്ടമൺ കടവ് പമ്പ് ഹൗസിൽ അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും

ജലവിതരണം തടസ്സപ്പെടും. തിരുമല, കരമന സെക്ഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലാണ് ജലവിതരണം പൂർണ്ണമായും മുടങ്ങുന്നത്.

***************************

## പരിശോധന - ഇൻസ്റ്റഗ്രാം

രാജ്യത്ത് അടുത്ത മാസം 25 മുതൽ ഇൻസ്റ്റാഗ്രാം നിരോധിക്കുമെന്ന രീതിയിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന പോസ്റ്റുകൾ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഇത്തരത്തിൽ ഒരു പ്രഖ്യാപനവും സർക്കാർ നടത്തിയിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം വ്യക്തമാക്കി. അതെസമയം, ഡൽഹിയിൽ വിദ്യാർത്ഥികൾക്ക് നേരെ അർധരാത്രി വെടിയുതിർത്തുവെന്ന തരത്തിൽ സാമൂഹ്യ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകളും വ്യാജമാണെന്ന് പി ഐ ബി അറിയിച്ചു.

RNU TVPM